## സബ്മിഷൻ

### (1) തയ്യൽത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിലാളി ക്ഷേമനിധികളിലൊന്നായ തയ്യൽത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം അവതാളത്തിലായിരിക്കുകയാണെന്ന് തൊഴിലാളികളിൽനിന്ന് പരക്കെ ആക്ഷേപമുയർന്നുവരികയാണ്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത കാരണം തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത അംശദായം കൃത്യമായി ഫണ്ടിൽ എത്തുന്നില്ലെന്ന പരാതി നിലനിൽക്കുന്നു. ആനുകൂല്യ വിതരണം കാര്യക്ഷമമല്ലെന്നും തൊഴിലാളികൾ പരാതിപ്പെടുന്നു. ക്ഷേമനിധിയുടെ ജില്ലാ ഓഫീസുകളിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ അംശദായം പിരിക്കുന്നതിലും കണക്ക് സൂക്ഷിക്കുന്നതിലും വലിയ വീഴ്ചയാണുണ്ടായികൊണ്ടിരിക്കുന്നത്. അംഗങ്ങളുടെ എണ്ണമനുസരിച്ച് ക്ഷേമനിധിയിൽ പിരിഞ്ഞുകിട്ടേണ്ട തുക ഓരോ വർഷവും നാലും അഞ്ചും കോടി രൂപയുടെ കുറവ് വന്നിട്ടുള്ളതായി നിലവിലുള്ള കണക്കുകൾ തെളിയിക്കുന്നു. പിരിച്ചെടുക്കുന്ന വിഹിതം ക്ഷേമ നിധി ഫണ്ടിൽ കൃത്യമായി വരവുവയ്ക്കാതെ തിരിമറി നടത്തുന്നുവെന്ന് അംഗങ്ങൾക്ക് ശക്തമായ ആശങ്കയുണ്ട്. ചില ജില്ലകളിൽ ഔദ്യോഗികമായി നടത്തിയ പരിശോധനയിൽതന്നെ ഇക്കാര്യം വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച് പരിശോധന നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതവും സ്ഥാപനമുടമ

കളിൽ നിന്നുള്ള വിഹിതവും വർദ്ധിപ്പിക്കുകയും തൊഴിലാളികളിൽ നിന്നുള്ള വിഹിതം കൃത്യമായി പിരിച്ചെടുക്കാൻ സംവിധാനമുണ്ടാക്കുകയും വേണം. ക്ഷേമനിധി മാനേജ്മെന്റിലെ അരാജകത്വം അവസാനിപ്പിക്കാനും നടപടി യെടുക്കണം. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലാനുസൃത മായി വർദ്ധിപ്പിക്കുകയും കാലവിളംബമില്ലാതെ വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ വകുപ്പ് തയ്യാറാകണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലെ ക്രമക്കേടുകളും സബ്സ്ക്രിപ്ഷൻ പിരിക്കുന്നതുമായി ബന്ധപ്പെട്ട തിരിമറി കളും സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുകയുണ്ടാ യി. തീർച്ചയായും ആ വിഷയങ്ങൾ ഒരു പ്രത്യേക സ്ക്വാഡ് പരിശോധിക്കു ന്നതാണ്. പരിശോധനയ്ക്കുശേഷം ഉചിതമായ നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ് എന്ന് സഭയ്ക്ക് ഉറപ്പു നൽകുകയാണ്. അതോ ടൊപ്പം ഇതിലെ പ്രശ്നമെന്നത് ഇപ്പോൾ 684000 പേരാണ് തയ്യൽത്തൊഴി ലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ. ഈ ഗവൺമെന്റ് വന്നതിനു ശേഷം രണ്ടു വർഷംകൊണ്ട് ഒരു ലക്ഷം പുതിയ തൊഴിലാളികൾ അംഗത്വ മെടുത്തിട്ടുണ്ട്. ചേരുന്നവരെല്ലാം യഥാർത്ഥ തയ്യൽത്തൊഴിലാളികളാണോ എന്ന സംശയം പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഈ പശ്ചാത്ത ലത്തിൽ ചില ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. അംഗത്വത്തിനായി കേവല മൊരു യൂണിയന്റെ കത്തുമാത്രമല്ലാതെ, അവിടെ തയ്യൽ മെഷീനുണ്ട്, അതിൽ തയ്ച്ചുകാണിക്കുന്നവർക്കുമാത്രം അംഗത്വം കൊടുത്താൽ

മതിയെന്ന ഡയറക്ഷൻ പോയിട്ടുണ്ട്. അത് പലർക്കും അസൗകര്യമുണ്ടാക്കിയിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ വിചാരമാണ്. അതിന് എന്തു ചെയ്യാനാണ്. യഥാർത്ഥ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഇതിലുള്ള ആനുകൂല്യങ്ങൾ പര്യാപ്തമല്ല. 684000 തൊഴിലാളികൾ ചേർന്നപ്പോൾ മൂവായിരം തൊഴിലുടമകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. തൊഴിലുടമകൾ രജിസ്റ്റർ ചെയ്യുകയും തൊഴിലാളികളുടെ വിഹിതം ആ സ്ഥാപനത്തിലെ തൊഴിലുടമ കൊടുക്കണമെന്നുമാണ് നമ്മൾ വിഭാവന ചെയ്തിരുന്നത്. പക്ഷേ, നിർഭാഗ്യവശാൽ തൊഴിലാളികളെ മാത്രമായി ട്രേഡ് യൂണിയൻ കൊണ്ടുവന്നുചേർക്കുന്ന സംഭവമാണ് നടക്കുന്നത്. തൊഴിലുടമയുടെ വിശദാംശങ്ങൾ അവർ തരുന്നില്ല. സെൽഫ് എംപ്ലോയ്മെന്റ് എന്നാണ് കാണിക്കുന്നത്. ഇതെല്ലാം കാര്യക്ഷമമായ പ്രവർത്തനത്തിന് ഒരുപാട് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ആരംഭിച്ച ഒരു പ്രക്രിയയാണ്, ഇതെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഫലപ്രദമായ നിലയിൽ ബോഗസ് മെമ്പർഷിപ്പ് ഒഴിവാക്കിക്കൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് കൃത്യമായ ആനുകൂല്യം കൊടുക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. സഭ അറിയാൻ വേണ്ടി പറയുകയാണ്; ഒരു ലക്ഷം പേർ പുതുതായി ചേർന്നപ്പോഴും ഇത്രയധികം തയ്യൽത്തൊഴിലാളികളുണ്ട് എന്നുപറയുമ്പോഴും കഴിഞ്ഞ ദിവസങ്ങളിൽ ഒ.ഡി.ഇ.പി.സി. എന്ന സ്ഥാപനംവഴി തയ്യലറിയാവുന്ന ആയിരം പേരെ ജോർദാനിലേക്ക് റിക്രൂട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായി. സാമാന്യം ഭേദപ്പെട്ട ശമ്പളമാണ് അവർ പറഞ്ഞത്, പക്ഷേ നിർഭാഗ്യവശാൽ നമുക്ക് ആകെ മൂന്ന് അപേക്ഷയാണ്

കിട്ടിയത് എന്നുള്ളത് മറ്റൊരു വൈരുദ്ധ്യമായി നിൽക്കുകയാണ്. ഈ മേഖല യിൽ ബോർഡിനെ ശക്തിപ്പെടുത്താനും കൃത്രിമമായിട്ടുള്ള മെമ്പർഷിപ്പ് അവ സാനിപ്പിച്ചുകൊണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളും. എന്തെങ്കിലും കൃത്രിമമുണ്ടെങ്കിൽ കണ്ടെത്തുന്നതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതായിരിക്കും.

## (2) ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ സബ്മിഷൻ അങ്കമാലി കേന്ദ്രമാക്കി ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരിക്കണമെന്നതാണ്. കേരള ത്തിലെ ഏറ്റവും കൂടതൽ സെക്ഷൻ ഓഫീസുകളും സബ് ഡിവിഷൻ ഓഫീസുകളുമുള്ള പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ അവിടെ 17 സെക്ഷൻ ഓഫീസും അഞ്ച് സബ്ഡിവിഷൻ ഓഫീസുമാണ് ഇപ്പോഴുള്ളത്. നിലവിൽതന്നെ ഏകദേശം രണ്ടേകാൽ ലക്ഷത്തോളം കൺസ്യൂമേഴ്സുണ്ട്. വിവിധ കാറ്റഗറി ഞാൻ പറയുന്നില്ല. ഇപ്പോൾ അവിടം വിഭജിക്കണമെന്നു ള്ളത് അവിടത്തെ കാര്യപ്രാപ്തിയുടെ അല്ലെങ്കിൽ കാര്യശേഷിക്കുവേണ്ടി വരുന്ന ഒരു പ്രശ്നംകൂടിയാണ്. അങ്കമാലി കേന്ദ്രീകരിക്കുന്നെന്നു പറയുമ്പോൾ ആ ബോർഡിനുമുമ്പാകെ വർഷങ്ങളായി പരിഗണനയിലുള്ള കാര്യമാണ്. ഒരു പുതിയ സബ്ഡിവിഷനും അടുത്ത കാലത്ത് സെക്ഷൻ ഓഫീസും അവിടെ തുടങ്ങിയിട്ടുണ്ട്. ഇതെല്ലാം കൂട്ടിച്ചേർക്കുമ്പോൾ ബോർഡിന് ഒരു പുതിയ ഓഫീസ് തുടങ്ങേണ്ടിവരും. ഇപ്പോഴത്തെ ബോർഡിന് സാമ്പത്തിക സ്ഥിതി ഇല്ലെന്നുപറയുമ്പോൾപോലും സാമ്പത്തി കമായി യാതൊരു ബാധ്യതയുമില്ലാത്ത രീതിയിൽ തുടങ്ങാൻ കഴിയുന്ന ഒരു

സ്ഥിതിവിശേഷമാണ് ഇന്നവിടെയുള്ളത്. കാരണം, മെറ്റീരിയൽസ് മാനേജു മെന്റ് പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 3 റീജിയണൽ സ്റ്റോറുകൾ നിർത്തലാക്കുകയാണ്. അതിലൊന്ന് ആലുവ റീജിയണൽ സ്റ്റോറാണ്. ഇവിടത്തെ ജീവനക്കാരെ re-deploy ചെയ്തുകഴിഞ്ഞാൽ സ്റ്റാഫിനെ പുതിയ തായി അപോയിന്റ് ചെയ്യേണ്ടി വരുന്നില്ല. അതുപോലെ അങ്കമാലി, പെരുമ്പാവൂർ, കാലടി എന്നീ മൂന്നുനിയോജക മണ്ഡലങ്ങളിൽ ഇതിനൊക്കെക്കൂടി വേണ്ടിവരുന്ന ഒരു ഡിവിഷൻ എന്ന നിലയിലാണ്. ഇതു പ്രകാരം 8 സെക്ഷൻ ഓഫീസുകൾ മാത്രം ഉൾപ്പെടുത്തിയാൽ മതിയാകും. അങ്ങനെ വരുമ്പോൾ ഒരു ലക്ഷത്തോളം ഉപഭോക്താക്കളും 322 സ്ക്വയർ കിലോമീറ്റർ ഏരിയയാണ് വരുന്നത്. അതിനകത്ത് 468 കിലോമീറ്റർ 11 കെ.വി.യും 2602 കി.മീ. എൽ.ടി.യും 819 ട്രാൻസ്ഫോർമറും ഇതിന്റെയൊക്കെ മാനേജുമെന്റ് പെരുമ്പാവൂരിൽനിന്നും ചെയ്യാൻ കിഴയുന്നില്ല എന്നുള്ള തരത്തിൽ വരികയാണ്. ഇപ്പോൾ ഇതിന്റെ ഓഫീസ് പുതിയതായി തുടങ്ങണ മെങ്കിൽ അങ്കമാലിയിൽ തന്നെ ബി.&എസ്. ഡിവിഷൻ ഓഫീസ് ലഭ്യമാണ്. അവിടെ കമ്പ്യൂട്ടറും മറ്റ് എല്ലാ ഉപകരണങ്ങളുമുണ്ട്. യാതൊരു സാമ്പത്തിക ബാധ്യതയുമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് ഡിവിഷൻ തുടങ്ങാനുള്ള ഇതിനുമുമ്പുള്ള പ്രഖ്യാപനങ്ങളും ഉറപ്പുകളും ഒന്നുകൂടി പരിഗണിച്ചുകൊണ്ട് ഇപ്പോൾ ഈ ദിവസങ്ങളിൽ അതിന്റെ പ്രഖ്യാപനം നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, പെരുമ്പാവൂർ ഡിവിഷനിൽപ്പെട്ട കാലടി, അങ്കമാലി, പാറക്കടവ്,

മുക്കുന്നൂർ, കുറുകുറ്റി, മഞ്ഞല, തുറവൂർ, മലയാറ്റൂർ എന്നീ സെക്ഷനുകളും ആലുവ ഇലക്ട്രിക്കൽ സെക്ഷനിലെ ചൊവ്വരയും കൂട്ടിച്ചേർത്ത് ഒരു ഡിവിഷൻ ഉണ്ടാക്കേണ്ട കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്. ഇതിന് ചെലവ് വരാത്ത രൂപത്തിൽ, സാമ്പത്തികമായ കമ്മിറ്റ്മെന്റൊന്നും ഇല്ലാത്ത രൂപത്തിൽ ഇതുചെയ്യാൻ കഴിയുമെന്നാണ് പരിശോധനയിൽ മനസ്സിലാക്കിയത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കൺസ്യൂമേഴ്സും ഉണ്ടെങ്കിൽ – അത് ഉണ്ടെന്നാണ് കിട്ടിയ റിപ്പോർട്ട്. അതുവെച്ചുകൊണ്ട് അതിന് ടോപ് പ്രയോറിറ്റി കൊടുത്ത് അത് നടപ്പാക്കാൻ ബോർഡ് ശ്രമിക്കുമെന്ന് ഞാൻ പറയുവാൻ ഉദ്ദേശിക്കുക യാണ്.

## (3) പി.സി.സി. ഫീസിൽനിന്നും ഒഴിവാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, എയർപോർട്ടിലുള്ള വിവിധ തസ്തിക കളിൽ ജോലി ചെയ്യുന്നതിന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇതുവരെ ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സർക്കാർ ഫീസ് ഈടാക്കിയിരുന്നില്ല. എന്നാൽ ഇപ്പോൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1000 രൂപ ഫീസ് ഈടാക്കുവാൻ സർക്കാർ തീരുമാനിച്ചതായി അറിയുന്നു. വളരെ തുച്ഛമായ ശമ്പളത്തിൽ എയർപോർട്ടുകളിൽ ജോലി ചെയ്യുന്ന കോൺട്രാക്റ്റ് കാഷ്വൽ തൊഴിലാളികൾക്ക് കമ്പനി മാറി ജോലി ചെയ്യുമ്പോൾ വീണ്ടും പി.സി.സി. പുതുക്കേണ്ടതായി വരുന്നു. വളരെ പാവപ്പെട്ട തൊഴിലാളികൾക്കുണ്ടാകുന്ന ഈ പ്രയാസം മനസ്സിലാക്കി എയർപോർട്ടുകളിൽ ജോലി ചെയ്യുന്ന കോൺട്രാക്റ്റ്, കാഷ്വൽ, ടെമ്പററി

തൊഴിലാളികളെ പി.സി.സി. ഫീസ് ഈടാക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് ഉയർന്ന തുക ഫീസായി ഈടാക്കുന്നത് അനുചിതമാണെന്നുകണ്ടതിനാൽ 2010 മുതൽ സർക്കാർ അത് നിർത്തലാക്കുന്നതിനുവേണ്ടിയുള്ള നടപടി അന്ന് എടുത്തിരുന്നു. പക്ഷേ, അതിനുശേഷം പിന്നീട് എറണാകുളം റൂറലിൽ മാത്രം പി.സി.സി. ക്ലിയറൻസിനുവേണ്ടി അവർ തുക ഈടാക്കാനായി തീരുമാനിച്ചു. പക്ഷേ, അത് കണ്ടെത്തിയപ്പോൾതന്നെ ഗവൺമെന്റ് നിർത്തലാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ഒരു ഓഡിറ്റ് ഒബ്ജക്ഷൻ ഇതുസംബന്ധിച്ച് വന്നിട്ടുണ്ട്. ആ ഓഡിറ്റ് ഓബ്ജക്ഷൻ വന്നതുകൊണ്ട് ഈ വിഷയത്തിൽ പ്രസ്തുത വസ്തുതകൾ അവലോകനം ചെയ്തതിനുശേഷം പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അപേക്ഷാഫീസ് ഈടാക്കുന്നതുസംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉടൻതന്നെ സർക്കാർ പുറപ്പെടുവിക്കണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുവരെ എല്ലാ തലത്തിലുള്ള ഫീസ് ഈടാക്കുന്നത് നിർത്തിവയ്ക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുണ്ട്.

## (4) വെണ്ണിക്കുളം പോളിടെക്നിക്

ശ്രീ. മാത്യു. ടി. തോമസ് : സർ, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ് പത്തനംതിട്ട. നാല് പോളിടെക്നി

ക്കുകൾമാത്രമാണ് അവിടെയുള്ളത്. അവയിൽത്തന്നെ രണ്ടെണ്ണത്തിൽ മാത്രമേ മെക്കാനിക്കൽ ബ്രാഞ്ച് ഇപ്പോഴുള്ളൂ. പതിനയ്യായിരത്തോളം അപേക്ഷകരാണ് വരുന്നത്. ബഹുഭൂരിപക്ഷം ആളുകളും ആവശ്യപ്പെടുന്നത് മെക്കാനിക്കൽ ബ്രാഞ്ചാണ്. നിലവിൽ ഓട്ടോമൊബൈൽ, സിവിൽ എന്നീ ബ്രാഞ്ചുകൾ മാത്രമുള്ള വെണ്ണിക്കുളം ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ ബ്രാഞ്ചുകൂടി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) സർ, സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശക്തമാണ്. എന്നാൽ, പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.-യുടെ അംഗീകാരം ആവശ്യമാണ്. അപ്രകാരം വെണ്ണിക്കുളം ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.-യുടെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.യുടെ അനുമതി ലഭിച്ചാൽ വെണ്ണിക്കുളം പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രായോഗിക സാധ്യതയും അതിനുവേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യതയും പരിശോധിച്ചതിനുശേഷം ഈ കാര്യത്തിന് അന്തിമ തീരുമാനമെടുക്കുന്നതാണ്.

## (5) കെട്ടിട നിർമ്മാണ ഫണ്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലമായ കാഞ്ഞങ്ങാട്ടിൽപ്പെട്ട മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം

നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. അതേസമയം ഫണ്ട് അനുവദിക്കാത്തതുസംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലമായി മടിക്കൈ ആലമ്പാടി ഗവൺമെന്റ് യു.പി.എ. സ്കൂളിന്റെ കെട്ടിടത്തിലാണ് ഈ ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. 4.9 ഏക്കർ ഭൂമി അനുവദിച്ചിട്ടും കെട്ടിടംപണി ആരംഭിക്കാത്ത സ്ഥിതിയാണ്. 6–7–2012–ലെ എന്റെ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ, 2012–2013 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും എത്രയുംവേഗം കെട്ടിടം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുമെന്നും മറുപടി നൽകിയതാണ്. അതിനുശേഷം 2012–2013 സാമ്പത്തികവർഷത്തിൽ 42020280095 എന്ന ശീർഷകത്തിൽ വകുപ്പിന് അനുവദിച്ച പതിനഞ്ചുകോടിയിൽ ഇനിയും ചെലവഴിക്കാത്ത 2.49 കോടി രൂപ ഇതിനായി ഉപയോഗിക്കാമെന്ന് അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ സ്ഥലം എം.എൽ.എ.യും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും പങ്കെടുത്തുകൊണ്ട് ചേർന്ന യോഗത്തിൽ ഉറപ്പുനൽകിയതുമാണ്. എന്നാൽ ഈ സംഖ്യ കെട്ടിട നിർമ്മാണത്തിന് അനുവദിക്കണമെന്ന ട്രെയിനിംഗ് ഡയറക്ടറുടെ 19–7–2012–ന്റെ അപേക്ഷ 12–2–2013 ന്റെ 22767 നമ്പർ കത്തിലൂടെ അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും പുനരധിവാസവും സി./വകുപ്പ്. നിരസിച്ചിരിക്കുകയാണെന്ന് രേഖാമൂലം അറിയിച്ചിരിക്കുകയാണ്. ഇതിനെത്തുടർന്ന് 25–3–2013–ൽ ഞാൻ വീണ്ടും അങ്ങയുടെ ശ്രദ്ധയിൽ ഈ കാര്യം കൊണ്ടുവരികയുണ്ടായി. അങ്ങയുടെ ഉറപ്പിനും ഇടപെടലിനുശേഷവും അപ്രസക്തമായ കാര്യങ്ങൾ പറഞ്ഞ് ഫണ്ട് അനുവദിക്കാതിരിക്കുകയാണു

ണ്ടായത്. 2012–2013–ൽതന്നെ ഇതിന് വിനിയോഗിക്കാമായിരുന്ന ഫണ്ട് ഇന്നലെ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കാതിരുന്ന സാഹചര്യത്തിൽ അത് ലാപ്സായിപ്പോകുകയും ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വീഴ്ച വരുത്തിയവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനോടൊപ്പം മടിക്കൈ ഐ.ടി.ഐ.–ക്ക് നിർമ്മാണത്തിനാവശ്യമായ തുക എത്രയുംവേഗം അനുവദിക്കണമെന്നുകൂടി ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയുമാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 2009–ലാണ് മടിക്കൈ ഐ.ടി.ഐ. സ്ഥാപിച്ചത്. എന്നാൽ അതിനനുയോജ്യമായ സ്ഥലം ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈ എടുത്ത് 2012 ജൂലൈയിലാണ് കൈമാറിയത്. അന്നുമുതൽ അവിടെയൊരു പുതിയ കെട്ടിടനിർമ്മാണത്തിനുവേണ്ടി കൂട്ടായി പരിശ്രമിച്ചതാണ്. ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിലുണ്ടായിരുന്നത് പ്ലാൻ റൈറ്റ്–അപിൽ ഇല്ലായിരുന്നു എന്നുള്ള ഒരു സാങ്കേതിക കാരണംകൊണ്ടാണ് ഏറ്റവും ഒടുവിൽ ആ പണം ഇക്കഴിഞ്ഞ സാമ്പത്തികവർഷം വിനിയോഗിക്കാൻ സാധിക്കാതെ പോയത്. അതൊരു പോരായ്മയാണ്. പക്ഷേ, തീർച്ചയായും ഈ വരുന്ന സാമ്പത്തികവർഷം ഈ കെട്ടിടംപണി ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

## (6) ഫെൻസിംഗ് സംവിധാനം

ശ്രീ. റ്റി. യു. കുരുവിള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുട്ടമ്പുഴ, ഒടാട്ടുപാറ തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനയുടെയും കാട്ടുപന്നിയുടെയും ശല്യം നിമിത്തം ആളുകളുടെ ജീവന് ഭീഷണി നേരിടുകയാണ്. ഈയിടെ ആദിവാസി മേഖലയിലെ ഇഞ്ചിപ്പാറക്കുടി എന്ന സ്ഥലത്ത് മാരിയപ്പൻ എന്ന ആളേയും ലിസി എന്ന അദ്ധ്യാപികയേയും ആന ചവിട്ടി ക്കൊല്ലുകയുണ്ടായി. കൂടാതെ വളർത്തുമൃഗങ്ങളെ തൊഴുത്തിൽ കയറി ആന കുത്തിക്കൊല്ലുകയുണ്ടായി. ഇങ്ങനെ അവിടെ ജനങ്ങൾക്ക് ജീവിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണ്. ഒരു ഒറ്റക്കൊമ്പനാനയുടെ ഭീഷണി ഇപ്പോഴും ജനങ്ങൾക്കിടയിൽ ഭീതി പരത്തുകയാണ്. ഇതിനെ അവിടെനിന്നും ജനവാസമില്ലാത്ത പ്രദേശത്തേയ്ക്ക് ആട്ടിയോടിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെ കൃഷിസ്ഥലങ്ങൾ നശിപ്പിക്കാതിരിക്കാൻ ഫെൻസിംഗ് ഇടുകയും ചെയ്യണം. രാജവെമ്പാല പോലെയുള്ള വിഷപ്പാമ്പുകളെ പിടിച്ച് ദൂരെ കാട്ടിൽ കൊണ്ടുപോയി കളയുകയായിരുന്നു പതിവ്. പക്ഷേ ഇപ്പോൾ ഇവ തിരിച്ചുവന്ന് ആളുകളെ ഉപദ്രവിക്കാൻ തുടങ്ങിയിരിക്കുന്നു. മുമ്പ് ഇങ്ങനെ പിടിക്കുന്ന പാമ്പുകളെ തട്ടേക്കാട് പക്ഷിസങ്കേതത്തിൽ സൂക്ഷിച്ചിരുന്നു. അത് തുടരാനുമുള്ള സംവിധാനമുണ്ടാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഈ സബ്മിഷനിലൂടെ സൂചിപ്പിച്ചതുപോലെ ഇഞ്ചിപ്പാറക്കുടിയിലെ ആദിവാസിയായ മാരിയപ്പനെ 14/1-ൽ കാട്ടാന ആക്രമിച്ചിരുന്നു. അദ്ദേഹം 11/3 വരെ കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കുകയും മരണമടയു

കയും ചെയ്തു. അദ്ദേഹത്തിന്റെ ആശ്രിതർക്ക് 3 ലക്ഷംരൂപ നഷ്ടപരിഹാരം നല്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ കുന്തിപ്പാറ ബദൽ സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ലിസി ഈറ്റക്കാടുകളും ഇല പൊഴിയുംകാടുകളുമുള്ള വളരെ നിബിഡമായ വനത്തിലൂടെയാണ് സഞ്ചരിച്ചിരുന്നത്. അതിലൂടെ രണ്ട് ആനത്താരകൾ കടന്നുപോകുന്നുണ്ട്. ധാരാളം ആനകളും മറ്റ് മൃഗങ്ങളും സഞ്ചരിക്കുന്ന ഈ വഴിയിൽ വച്ചാണ് ശ്രീമതി ലിസിയെ ആന ആക്രമിച്ച് കൊലപ്പെടുത്തിയത്. സാധാരണ 3 ലക്ഷംരൂപയാണ് നഷ്ടപരിഹാരം നല്കുന്നതെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് 5 ലക്ഷംരൂപ അദ്ദേഹത്തിന്റെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചു. ആദിവാസി കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ പോകുന്ന ടീച്ചർ എന്ന നിലയിൽ അവർക്ക് പറ്റിയ അപകടത്തിൽ 5 ലക്ഷംരൂപ ആശ്രിതർക്ക് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അതുപോലെ ഈ വനത്തിൽ ആദിവാസി കോളനികൾക്കുചുറ്റും, ഈ പറഞ്ഞ വഴികളിൽ മുഴുവൻ ഫെൻസിംഗ് കെട്ടിക്കഴിഞ്ഞാൽ ആന മറ്റ് വഴികളിൽക്കൂടി വന്ന് കൂടുതൽ ഉപദ്രവമുണ്ടാക്കും. അതുകൊണ്ട് ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് കഴിഞ്ഞവർഷം കുറച്ചുഭാഗം ഇലക്ട്രിക് ഫെൻസിംഗ് ചെയ്തിരുന്നു. ഇനി 8 കി.മീ. ദൂരംകൂടി ഇലക്ട്രിക് ഫെൻസിംഗ് ചെയ്യാനുണ്ട്. അത് ഈ വർഷം സാമ്പത്തികം വരുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചെയ്തുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പിന്നെ അദ്ദേഹം പറഞ്ഞതുപോലെ ആനയെ ഓടിച്ചുവിടാൻ പ്രത്യേക സ്ക്വാഡിനെ നിയമിക്കാൻ ശ്രമിക്കാം. പക്ഷെ അങ്ങനെ ഓടിച്ചുവിട്ടാലും

ആന തിരിച്ചുവരും. കാരണം ദിവസവും ഒരു ആന 35 കി.മീ. ദൂരം കാട്ടിലൂടെ യാത്ര ചെയ്യുമെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. അപ്പോൾ അത് തിരിച്ചവുവരാനുള്ള സാധ്യതയുണ്ട്. എങ്കിൽപ്പോലും ആനയെ ഓടിച്ചു വിടുന്നതിനുള്ള സംവിധാനം ഉണ്ടാക്കാം. പാമ്പുകളുടെ കാര്യം പറഞ്ഞു. ഇനി മുതൽ പിടിക്കുന്ന വിഷപ്പാമ്പുകളെ കുറച്ചുകൂടി ദൂരെ മനുഷ്യവാസമി ല്ലാത്ത പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുവിടാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥ ന്മാർക്ക് നൽകാം.

## (7) സൗജന്യനിരക്കിൽ നൽകുന്ന ഭക്ഷ്യവസ്തുക്കൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വെൽഫെയർ സ്കീമിൽ ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള അനാഥാലയങ്ങൾക്കും മറ്റും സൗജന്യനിരക്കിൽ നല്കിവന്നിരുന്ന ഭക്ഷ്യസാധനങ്ങൾ കുറെ മാസങ്ങളായി ലഭിക്കുന്നില്ല. അത് അടിയന്തരമായി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഞാൻ ഇതുസംബന്ധിച്ച് അനേ ्വഷിച്ചപ്പോൾ അനാഥാലയങ്ങൾക്കുംമറ്റും അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങ ളുടെ ക്വാട്ട നിലവിൽ കിട്ടിക്കൊണ്ടിരുന്നതിന്റെ 20% മാത്രമേ ഇപ്പോൾ ലഭി ക്കുന്നുള്ളൂ എന്നാണ് ഉദ്യോഗസ്ഥന്മാരിൽനിന്നും മനസ്സിലാക്കാൻ കഴി ഞ്ഞത്. അതുകൊണ്ട് റൊട്ടേഷൻ അടിസ്ഥാനത്തിൽ കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെവരുമ്പോൾ ആദ്യം ലഭിച്ചവർക്ക് അഞ്ചുമാസം കഴി ഞ്ഞാൽ മാത്രമേ അടുത്ത ക്വാട്ട കിട്ടുകയുള്ളൂ. അതിന്റെ ഫലമായാണ് ഈ പ്രശ്നം ഉണ്ടായിരിക്കുന്നത്. സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗത്തിനെ ബാധിക്കുന്ന പ്രശ്നമാണ്. അതിൽ ഗവൺമെന്റ് വളരെ ജാഗ്രതയോടുകൂടി

ഇടപെട്ട് അവർക്ക് കൃത്യമായ നിരക്കിൽ മുഴുവൻ റേഷനും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങൾക്ക് 2012 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 148 മെട്രിക് ടൺ അരിയും 63 മെട്രിക് ടൺ ഗോതമ്പും കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. തുടർന്ന് 2012 ഒക്ടോബർ മാസം മുതൽ 2013 മാർച്ചുമാസംവരെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 98 മെട്രിക് ടൺ അരി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 16–09–2011-ലെ സർക്കാർ ഉത്തരവുപ്രകാരം ഓരോ അന്തേവാസിക്കും പ്രതിമാസം 7 കിലോ അരി കിലോഗ്രാമിന് ഒരുരൂപ നിരക്കിൽ വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. തുടർന്ന് 05–09–2012-ലെ സർക്കാർ ഉത്തരവുപ്രകാരം കിലോഗ്രാമിന് ഒരുരൂപ നിരക്കിൽ പ്രതിമാസം 7 കി.ഗ്രാം അരിക്കുപുറമേ ബി.പി.എൽ നിരക്കിൽ 3 കിലോ ഗോതമ്പും 400 ഗ്രാം പഞ്ചസാരയും ഓരോ അന്തേവാസിക്കും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മുൻവർഷങ്ങളിൽ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കുള്ള അരിയുടേയും ഗോതമ്പിന്റേയും ചെലവ് വളരെ കുറവായിരുന്നു. അരിയുടെ വില 6.20 രൂപയും ഗോതമ്പിന് 4.70 രൂപയുമായിരുന്നു. 16–09–2011-ലെ സർക്കാർ ഉത്തരവ് വരുന്നതിനുമുമ്പ് അരിയും ഗോതമ്പുംകൂടി 5 കിലോയാണ് ഓരോ അന്തേവാസിക്കും അനുവ

ദിച്ചിരുന്നത്. സംസ്ഥാനത്തിന് ലഭിച്ചിരുന്ന വിഹിതം വിതരണത്തിന് തികയുകയും ചെയ്യുമായിരുന്നു. 31–03–2012–ൽ 303 മെട്രിക് ടൺ അരിയും 657.75 മെട്രിക് ടൺ ഗോതമ്പും നീക്കിയിരുപ്പ് വന്നതിനാൽ 2012–13 വർഷത്തിന്റെ രണ്ടാം പകുതി അലോട്ട്മെന്റ് 98 മെട്രിക് ടണ്ണായി കേന്ദ്രഗവൺമെന്റ് പരിമിതപ്പെടുത്തുകയും ഗോതമ്പ് അനുവദിക്കാതിരിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്തുതുടങ്ങിയതിനുശേഷം ഈ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ ആവശ്യകത കാര്യമായി വർദ്ധിച്ചുവെങ്കിലും കേന്ദ്രസർക്കാരിൽനിന്നുള്ള അലോട്ട്മെന്റ് വർദ്ധിക്കുകയുണ്ടായില്ല. ജില്ലാ സപ്ലൈ ഓഫീസുകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രകാരം 1195 സ്ഥാപനങ്ങളിലായി 63267 അന്തേവാസികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇത്രയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പ്രതിമാസം 443 മെട്രിക് ടൺ അരി, 190 മെട്രിക് ടൺ ഗോതമ്പ്, 25 മെട്രിക് ടൺ പഞ്ചസാര എന്നിവ ആവശ്യമാണ്. ഇതിൽ പഞ്ചസാര വെൽഫെയർ സ്കീമിൽ അനുവദിക്കാൻ സാധിക്കുകയില്ല എന്ന് കേന്ദ്രം വീണ്ടും വ്യക്തമാക്കിയിരിക്കുകയാണ്. ലെവി പഞ്ചസാരയുടെ നോർമൽ വിഹിതത്തിൽനിന്ന് അനാഥാലയങ്ങൾക്ക് ഇപ്പോൾ പഞ്ചസാര വിതരണം ചെയ്യുകയാണ്. ഗോതമ്പിന്റെ നീക്കിയിരിപ്പ് കൂടുതലായതിനാലും ചെലവ് കുറവായതിനാലും ഗോതമ്പ് വിതരണത്തിൽ പ്രശ്നങ്ങളുണ്ടായിട്ടില്ല. എന്നാൽ കിലോഗ്രാമിന് ഒരുരൂപാ നിരക്കിൽ പ്രതിമാസം 7 കിലോ അരി ഓരോ അന്തേവാസിക്കും വിതരണം ചെയ്യുന്നതുമൂലവും കൂടുതൽ സ്ഥാപ

നങ്ങൾ പദ്ധതിയുടെകീഴിൽ ഉൾപ്പെട്ടതുമൂലവും അരിയുടെ ആവശ്യകത വളരെ കൂടുതലാണ്. ആവശ്യമുള്ളതിന്റെ നാലിലൊന്ന് അലോട്ട്മെന്റ് ഇല്ലാത്തതിനാൽ പല താലൂക്കുകളിലും പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. കേന്ദ്രസർക്കാർ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റ് വർദ്ധിപ്പിച്ചാൽ മാത്രമേ ഈ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം പ്രശ്നങ്ങൾ കൂടാതെ മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ സാമൂഹ്യക്ഷേമസ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് പ്രതിമാസം 443 മെട്രിക് ടൺ അരിയും 190 മെട്രിക് ടൺ ഗോതമ്പുമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ അഭ്യർത്ഥനപ്രകാരം അനുകൂലമായ സമീപനം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഈ അലോട്ട്മെന്റ് വർദ്ധിക്കുന്നമുറയ്ക്ക് ഇപ്പോഴുണ്ടായിരിക്കുന്ന കുറവ് നികത്താൻ സാധിക്കും.

## (8) കോൾനില കൃഷിക്കാരുടെ ആവശ്യം

ശ്രീ. പി. എ. മാധവൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾകൃഷിക്കാരുടെ നിരന്തരമായ പരാതികൾക്ക് പരിഹരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2011 ഡിസംബർ മാസം 7-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേംബറിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും എം.എൽ.എ.-മാരുൾപ്പെടെ എല്ലാവരുംകൂടി എടുത്ത തീരുമാനം ഇതുവരെ പൂർണ്ണമായി

നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2011 ഡിസംബർ 7-ലെ തീരുമാനത്തിന്റെ സർക്കാർ ഉത്തരവ് വന്നത് 31-10-2012-ലും 07-11-2012-ലും ആയതു കൊണ്ട് ഒരുവർഷക്കാലത്തെ പമ്പിംഗ് സബ്സിഡിയിലെ വർദ്ധനവും ഉല്പാദന ബോണസ്സിലെ വർദ്ധനവും കൃഷിക്കാർക്ക് നഷ്ടപ്പെട്ടു. മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ചെടുത്ത ഒരു പ്രധാനപ്പെട്ട തീരുമാനം അതേപടി നടപ്പാക്കി കിട്ടാൻ കൃഷിക്കാർക്ക് അവകാശമുണ്ട്. അതുപോലെ തന്നെ ഒന്നാംഘട്ട ബണ്ട് വികസനത്തിനുവേണ്ടി കൃഷിഭൂമി സർക്കാർ അക്വയർ ചെയ്തതിന്റെ രണ്ടരക്കോടിയോളം രൂപ ഈ ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം ഉടനെ വിതരണം ചെയ്യാമെന്ന് അങ്ങുതന്നെ ഉറപ്പ് നല്കി യിരുന്നു. രണ്ട് കൊല്ലമായിട്ടും ആ തുക ഇതുവരെ കൃഷിക്കാർക്ക് വിത രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെ ഇപ്പോൾ സർക്കാർ 17 രൂപ യ്ക്കാണ് നെല്ല് വാങ്ങുന്നതെങ്കിൽ സ്വകാര്യവ്യക്തികൾ 21 രൂപയ്ക്ക് നെല്ല് വാങ്ങുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. നെൽവിലയിൽ അടിയന്തരമായ വർദ്ധനവ് വേണം. അക്വയർ ചെയ്ത ഭൂമിയുടെ വില അടിയന്തരമായി കൃഷിക്കാർക്ക് കിട്ടാനുള്ള അവസരമുണ്ടാകണം. പമ്പിംഗ് സബ്സിഡി യിലും ഉല്പാദന ബോണസ്സിലും ഒരു വർഷക്കാലത്തെ ആനുകൂല്യം, ചർച്ച യ്ക്കും തീരുമാനത്തിനുംശേഷം കൃഷിക്കാർക്ക് നഷ്ടപ്പെടാൻ ഇടവന്നുകൂ ടാ. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ സത്വര ശ്രദ്ധ യിൽ ഉണ്ടാവുകയും പരിഹാരമുണ്ടാകുകയും വേണം എന്നതാണ് എന്റെ സബ്മിഷൻ.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 07-12-2011-ൽ തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘവുമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പമ്പിംഗ് സബ്സിഡി 750 രൂപയും ഉത്പാദന ബോണസ് 1000 രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. 07-11-2012 -ലെ സർക്കാർ ഉത്തരവ് പ്രകാരം പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750 രൂപയും ഉത്പാദന ബോണസ് 1000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. മേൽ വർദ്ധനവുകളുടെ പ്രാബല്യം തീരുമാനമെടുത്ത തീയതി മുതൽ അതായത് 07-12-2011 മുതൽ നൽകണമെന്ന ആവശ്യം കോൾനില കർഷകർ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ ആവശ്യം ധനകാര്യവകുപ്പിൽ ചർച്ചകൾ നടത്തി തീരിമാനമായിട്ടില്ല. ആയത് ധനകാര്യവകുപ്പ് പരിശോധിച്ചു വരികയാണ്. തൃശ്ശൂർ കോൾനില വികസനത്തിന്റെ ഒന്നാംഘട്ട പദ്ധതിക്ക് ഏറ്റെടുത്ത ഭൂമിയുടെ പൊന്നുംവിലയിനത്തിൽ 2.9 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. ഇത് സംബന്ധിച്ച ശുപാർശ തൃശ്ശൂർ ജില്ലാ കളക്ടർ ഈയിടെ സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശ കൃഷി വകുപ്പ് പരിശോധിക്കുന്നതും ഈ കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുന്നതുമാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കർഷകരിൽ നിന്നും സ്വകാര്യ മില്ലുകൾ വഴി 21 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതായി ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എ. മാധവൻ സൂചിപ്പിക്കുകയുണ്ടായി.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ 17 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. അതിന്റെ അടിസ്ഥാന വിലയെന്ന് പറയുന്നത് 17 രൂപയാണ്. പ്രൊക്യുവർമെന്റ് സീസണിലാണ് നെല്ലിന്റെ സംഭരണ വില 17 രൂപയായി പ്രഖ്യാപിച്ചതും ആ തുകയ്ക്ക് സംഭരണം നടത്തിയതും. കർഷകർക്ക് വില കൂടുതൽ ലഭിക്കുന്ന ഒരു സാഹചര്യമുണ്ട്. 19 രൂപയ്ക്ക് അല്ലെങ്കിൽ 20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നത് കർഷകർക്ക് ബെനിഫിറ്റുള്ള കാര്യമാണ്. ഗവൺമെന്റിന് ഈ തുക വർദ്ധിപ്പിക്കാൻ സാധിക്കില്ല. പ്രൊക്യൂവർമെന്റ് സീസണിലാണ് ഈ തുക ഗവൺമെന്റ് അടിസ്ഥാന വിലയായി നിശ്ചയിക്കുന്നത്. കർഷകരെ ചൂഷണത്തിന് വിട്ടുകൊടുക്കാതെ, അവരെ സംരക്ഷിക്കാൻ ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ മൂലം സാധിക്കുന്നുണ്ടെന്ന് എടുത്തു പറയേണ്ടതായിട്ടുണ്ട്.

## (9) <u>മുണ്ടയ്ക്കൽ വില്ലേജിലെ സർക്കാർ ഭൂമി</u>

<u>ശ്രീ. എ. എ. അസീസ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടയ്ക്കൽ വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 25 –ൽ 167/14(3), 167/14(4) എന്നിവയിൽപ്പെട്ട **11.34** ആർ (28 സെന്റ് പുരയിടം ) റവന്യൂ റിക്കവറി നടപടികളെ തുടർന്ന് സർക്കാർ അധീനതയിലാകുകയും **ബോട്ട് ഇൻ ലാന്റായി** സർക്കാർ പുറമ്പോക്കിലേയ്ക്ക് മാറ്റിയിട്ടുള്ളതുമാണ്. വാഹന ഗതാഗത സൗകര്യമുള്ള ഈ സ്ഥലം, ഇരവിപുരത്ത് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവൻ, മൃഗാശുപത്രി, ആയൂർവ്വേദ ഡിസ്പെൻസറി, സബ് രജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം എന്നിവയിൽ ഏതെങ്കിലും ഒന്ന് സ്ഥാപിക്കുന്നതിന് അനുവദിക്ക

ണമെന്നതാണ് എന്റെ ഒരാവശ്യം. അതുപോലെതന്നെ മുണ്ടയ്ക്കൽ ഡിവിഷനിൽ കളരി മുനിസിപ്പൽ കോളനിയിൽ സ്ഥിരത്താമസക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് കോർപ്പറേഷൻ വഴി നടപടികൾ പൂർത്തീകരിച്ച് ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുള്ളതാണ്. അതിന്റെ തീരുമാനം നാളിതുവരെ ആയിട്ടില്ല. ആ പാവങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 167/14(3), 167/14(4) എന്നിവയിൽപ്പെട്ട 11.34 ആർ (28 സെന്റ്) സ്ഥലം ബോട്ട് ഇൻ ലാന്റായി ഏറ്റെടുത്ത് സർക്കാർ പുറമ്പോക്കായി മാറ്റിയിട്ടുള്ളതും ഭൂ രഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് മൂന്ന് സെന്റ് വീതം അളന്ന് തിരിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരമാവധി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയും പുറമ്പോക്ക് ഭൂമിയും ബോട്ട് ഇൻ ലാന്റായി ഏറ്റെടുത്തിട്ടുള്ള ഭൂമിയും പാവപ്പെട്ടവർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ സ്വീകരിക്കുമ്പോൾ, പല പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും മറ്റും സർക്കാർ കണ്ടെത്തിയ ഭൂമി പൊതു ആവശ്യങ്ങൾക്കുവേണ്ടി വിട്ടുനൽകണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുകയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നത്. ഇത്തരത്തിലുള്ള ആവശ്യം പല മേഖലക

ളിൽ നിന്നും ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് കൊടുക്കാൻവേണ്ടി മാറ്റി വച്ചിരിക്കുന്ന ഭൂമി പൊതു ആവശ്യത്തിന് നൽക ണമെങ്കിൽ അതാത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനു കളും ആവശ്യപ്പെടുന്ന ഭൂമിയുടെ മൂന്നിരട്ടി ഭൂമി വാസയോഗ്യമായ ഇടങ്ങ ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിത്തരുമെങ്കിൽ സർക്കാരിന്റെ കൈവശമുള്ള തന്ത്രപ്രധാനമായ ഭൂമി പൊതുആവശ്യങ്ങൾക്ക് വിട്ടു കൊടുക്കുന്നതാണ്. ഇങ്ങനെ വാങ്ങിത്തരുന്ന ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കു വേണ്ടി മാത്രം ഉപയോഗിക്കുന്നതാണ്. ബഹുമാനപ്പെട്ട എ. എ. അസീസിന്റെ നിയോജക മണ്ഡലമായ കൊല്ലത്ത് കൈവശഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ആ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

## (10) ദേവസ്വം ബോർഡുകളിലെ തെരഞ്ഞെടുപ്പ്

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, മലബാർ ദേവസ്വം ബോർഡിന്റെ കാലാവധി കഴിഞ്ഞിട്ട് 6 മാസമായി. ഇതുവരെ ബോർഡംഗങ്ങളെ തെരഞ്ഞെടുത്തിട്ടില്ല. ഇപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഭരണമാണ് മലബാർ ദേവസ്വം ബോർഡിൽ നടക്കുന്നത്. കൊച്ചി ദേവസ്വം ബോർഡും രൂപീകരിച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് 3 പേരിൽ 2 മന്ത്രിമാരുടെ പ്രതിനിധികളെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളു. എം.എൽ.എ.മാരുടെ പ്രതിനിധിയായി തെരഞ്ഞെടു ക്കേണ്ടത് ഒരു പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളെയാണ്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വംബോർഡിൽ എസ്.സി./എസ്.ടി.

വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യമില്ല. കൊച്ചി ദേവസ്വം ബോർഡിലേയും സ്ഥിതി ഇതാണ്. മലബാർ ദേവസ്വം ബോർഡിൽ 9 പേരാണ് ഉള്ളത്. അവിടെ ആരേയും തെരഞ്ഞെടുത്തിട്ടില്ല. വോട്ടവകാശമുള്ളതുകൊണ്ടാണ് 3 അംഗങ്ങൾ എം.എൽ.എ.മാരുടെ കൂട്ടത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടത്. ദേവസ്വംബോർഡിലെ ഹിന്ദു എം.എൽ.എ.മാരിൽ ഇടതുപക്ഷത്തിനാണ് ഭൂരിപക്ഷമുള്ളത്. ഭരണപക്ഷത്തിന് ഭൂരിപക്ഷം കിട്ടില്ല എന്നു ള്ളതുകൊണ്ടാണ് ആ ഇലക്ഷൻ നടത്താത്തത്. ഇത് എത്ര കാലത്തേയ്ക്കാണ് അനിശ്ചിതത്വമായി നീട്ടി കൊണ്ടുപോകാൻ കഴിയുന്നത്? കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചപ്പോൾ ഉടൻത്തന്നെ ഇലക്ഷൻ നടത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇതുവരെയും ഇലക്ഷൻ നടത്തിയിട്ടില്ല. മലബാർ ദേവസ്വംബോർഡും കൊച്ചി ദേവസ്വം ബോർഡും രൂപീകരിക്കാത്തത് ഭരണമുന്നണിയിലെ ഗ്രൂപ്പ് തർക്കം കാരണമാണെന്നാണ് പുറത്തുള്ള വാർത്ത. മുഖ്യമന്ത്രി പറയുന്നത് മുഖ്യ മന്ത്രിയുടെ ആളെ നിശ്ചയിക്കണമെന്നും കെ.പി.സി.സി. പ്രസിഡന്റ് പറയു ന്നത് കെ.പി.സി.സി. പ്രസിഡന്റിന്റെ ആളെ നിശ്ചയിക്കണമെന്നുമാണ്. കെ.പി. സി.സി. പ്രസിഡന്റും മുഖ്യമന്ത്രിയും തമ്മിലുള്ള തർക്കം കാരണം ദേവസ്വം ബോർഡുകൾ രൂപീകരിക്കുന്നില്ല. ദേവസ്വംബോർഡ് രൂപീകരിക്കാത്തതു കൊണ്ട് ക്ഷേത്രങ്ങളുടെ ഭരണത്തിൽ തികഞ്ഞ അരാജകത്വമാണ് വന്നിരിക്കു ന്നത്. ക്ഷേത്രഭരണം ഇപ്പോൾ വർഗ്ഗീയശക്തികൾ നിയന്ത്രിക്കുന്ന അവസ്ഥ വന്നിരിക്കുകയാണ്. ഉത്സവങ്ങൾ നടത്തുന്നതിന് വൻതോതിൽ പണപ്പിരിവ് നടക്കുകയാണ്. പല ക്ഷേത്രങ്ങളിലും ശരിയായ കണക്കുകൾ തന്നെ വയ്ക്കു ന്നില്ല. മിച്ചം വരുന്ന തുക ദേവസ്വം ഫണ്ടിലേയ്ക്ക് അടയ്ക്കണം. ഇപ്പോൾ

ക്ഷേത്രങ്ങളിൽ മിച്ചം വരുന്ന ഫണ്ട് ദേവസ്വം ഫണ്ടിലേയ്ക്ക് അടയ്ക്കുന്നില്ല. ദേവസ്വം ബോർഡ് ഇല്ലാത്തതിന്റെ ഫലമായി ക്ഷേത്രങ്ങളോടനുബന്ധിച്ച് വലിയ ധൂർത്താണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അരാജകത്വമാണ് ക്ഷേത്രഭരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്നത്. ഈ ക്ഷേത്രങ്ങൾക്ക് പുനരുദ്ധാരണ ഫണ്ട് അനുവദിക്കാറുണ്ട്. രണ്ടുവർഷമായി ഈ ഫണ്ട് കൊടുക്കുന്നില്ല. ഫണ്ടൊക്കെ ലാപ്സായിപ്പോയി എന്നു പറഞ്ഞ് ചെറിയ ചെറിയ ക്ഷേത്രങ്ങൾക്ക് കൊടുത്തുവന്നിരുന്ന ഫണ്ട് ലഭ്യമാകാത്ത ഒരു സ്ഥിതി വന്നതോടുകൂടി ക്ഷേത്രഭരണത്തിൽ പ്രതിസന്ധികളുണ്ടായിരിക്കുകയാണ്. ക്ഷേത്രജീവനക്കാർ നിരവധി പ്രശ്നങ്ങൾ കാരണം പ്രക്ഷോഭണത്തിന്റെ പാതയിലാണ്. തിരുവിതാംകൂർ ദേവസ്വംബോർഡിലെ കുറേ ജീവനക്കാരെ പിരിച്ചുവിട്ടുക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയും കെ.പി.സി.സി. പ്രസിഡന്റും തമ്മിലുള്ള തർക്കം തീർത്ത് ദേവസ്വംബോർഡിൽ ഉടനെ ഇലക്ഷൻ നടത്തുകയും എസ്.സി./എസ്.ടി. വിഭാത്തിൽപ്പെട്ട എം.എൽ.എ. മാരുടെ പ്രതിനിധികൾക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് ഉടനെ നടത്തി ക്ഷേത്രഭരണം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. വലിയ കെടുകാര്യസ്ഥതയാണ് കേരളത്തിൽ വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇടപെടണമെന്ന് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ചീഫ് കമ്മീഷണർമാരെ ബോർഡിന്റെ ചുമതല

നിർവ്വഹിക്കാൻ സർക്കാർ നിയോഗിച്ചിട്ടുണ്ട്. അതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് പ്രസിഡന്റിനേയും ഒരു മെമ്പറിനെയും ശബരിമല സീസൺ ആരംഭിക്കുന്നതിനുമുമ്പുതന്നെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും അവർ ചുമതല ഏൽക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ സഹകരണ വകുപ്പുസെക്രട്ടറി ശ്രീ. വി. എം. ഗോപാലമേനോൻ ചീഫ് കമ്മീഷണറായി തുടരുകയുമാണ്. ഈ ബോർഡുകളിലേയ്ക്ക് മന്ത്രിസഭയിലെ ഹിന്ദു അംഗ ങ്ങളെ നോമിനേറ്റ് ചെയ്യേണ്ട നടപടി രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കുന്നതാ ണ്. 3 ദേവസ്വംബോർഡുകളിലേയും ഹിന്ദു എം.എൽ.എ.മാരുടെ പ്രതിനിധി കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവിതാം കൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്ക് ഓരോ അംഗത്തെ വീതവും മലബാർ ദേവസ്വം ബോർഡിലേയ്ക്ക് രണ്ട് അംഗങ്ങളേയുമാണ് ഹിന്ദു എം.എൽ.എ.മാർ തെരഞ്ഞെടുക്കേണ്ടത്. തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കു ന്നതിന് റിട്ടേണിംഗ് ഓഫീസറെ നിയോഗിക്കണമെന്ന് അഭ്യർത്ഥിച്ച് മന്ത്രിസഭ ബഹുമാനപ്പെട്ട ഗവർണ്ണറോട് അഭ്യർത്ഥിക്കുകയും 3 റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ പാനൽ ഗവർണ്ണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിട്ടയേർഡ് ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് ശ്രീ. രാജേന്ദ്രൻനായരെ റിട്ടേ ണിംഗ് ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കഴിവതും വേഗം മൂന്ന് ദേവസ്വം ബോർഡുകളിലേയ്ക്കുമുള്ള എം.എൽ.എ. മാരുടെ പ്രതിനിധി കളെ തെരഞ്ഞെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജസ്റ്റീസ് ശ്രീ. രാജേന്ദ്രൻ നായരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹിന്ദു എം.എൽ.എ. മാരുടെ ലിസ്റ്റ് തയ്യാറാക്കി തുടർ നടപടികൾ റവന്യൂ വകുപ്പും ആരംഭിച്ചു കഴി

ഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ മൂന്നുദേവസ്വം ബോർഡുകളും പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാകുന്നതാണ്.

## (11) ഹോമിയോ ഡിസ്പെൻസറി

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഏറ്റവും പിന്നോക്കം നിൽക്കുന്ന നിയോജക മണ്ഡലമാണ് എന്റേത്. 7 ചെറിയ ഗ്രാമങ്ങളാണുള്ളത്. നിരവധി പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഇനി കാല താമസം ഉണ്ടാകരുതെന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു സബ്മിഷൻ കൊണ്ടുവന്നത്. മങ്കട, മക്കരപറമ്പ് എന്നീ രണ്ട് പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ സത്വരമായ നടപടിയുണ്ടാകണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് പഞ്ചായത്തുകളും ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ മുഴുവൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ദയവായി ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതുജനാരോഗ്യ കേന്ദ്രമെങ്കിലും ഉണ്ടാകണമെന്നതാണ് സർക്കാരിന്റെ നയം. ഇത് പൂർത്തീകരിക്കാനുള്ള ശ്രമം നടന്നുവരുന്നു. അതിന്റെ ഭാഗമായി ഈ സർക്കാർ വന്നതിനുശേഷം പി.എച്ച്.സി.കൾ ഇല്ലാത്ത എല്ലാ പഞ്ചായ ത്തുകളിലും പി.എച്ച്.സി.കൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവ രുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ക്ലിനിക്കുകളും

ആയുർവ്വേദ ക്ലിനിക്കുകളും തുടങ്ങുവാനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഓരോ വർഷവും കുറച്ച് ക്ലിനിക്കുകൾ വീതം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2012–13 സാമ്പത്തിക വർഷവും ഇത്തരത്തിൽ 30 ഹോമിയോ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സഹായത്തോടെയുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന 346 ഹോമിയോ ക്ലിനിക്കുകൾ നടത്തി വരുന്നു. മക്കരപറമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. നിലവിൽ ഒരു ഡിസ്പെൻസറിയുമില്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറി അനുവദിക്കുകയാണ് സർക്കാർ നയം. മങ്കട ഗ്രാമപഞ്ചായത്തിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (12) മലയോര വികസന അതോറിറ്റി

ശ്രീ. ഇ. പി. ജയരാജൻ: സർ, മലയോര വികസന അതോറിറ്റിയുടെ പ്രവർത്തന മേഖലയിൽ പൂർണ്ണമായും മലയോര നിയോജകമണ്ഡലമായ മട്ടന്നൂരിനെ ഉൾപ്പെടുത്തണമെന്നാണ് എന്റെ സബ്മിഷൻ. കേരളത്തിലെ മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്താനും അതുവഴി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാഡ്സ് സെൽ എന്നിവയുടെ സഹായത്തോടെ പരിഹാരം കാണാനാണ് മലയോര വികസന അതോറിറ്റി രൂപീകരിച്ചത്. 2012 മെയ് മാസം 28–നാണ് മലയോര

വികസന ഏജൻസി (ഹാഡ) പ്രവർത്തനമാരംഭിച്ചത്. റോഡുകൾ പാലങ്ങൾ, നടപ്പാതകൾ, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഇവയെല്ലാമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നബാർഡിന്റെ ധനസഹായം, കേന്ദ്ര ഗവൺമെന്റിന്റെ ഒറ്റത്തവണ സഹായം, സംസ്ഥാന വിഹിതം എന്നിവയാണ് പ്രവർത്തന മൂലധനം. കണ്ണൂർ ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മലയോര മേഖലയാണ് മട്ടന്നൂർ നിയോജകമണ്ഡലം. ആ മട്ടന്നൂർ നിയോജകമണ്ഡലത്തെ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. മട്ടന്നൂർ നിയോജകമണ്ഡലം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നല്ലതുപോലെ നിശ്ചയമുള്ള പ്രദേശമാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തോട് ചേർന്നുകിടക്കുന്ന, എന്റെ മണ്ഡലത്തിലെ പല പഞ്ചായത്തുകളും മുമ്പ് അദ്ദേഹം പ്രതിനിധീകരിച്ചിരിക്കുന്ന ഇരിക്കൂർ മണ്ഡലത്തിൽ പെട്ടതാണ്. പക്ഷേ പിന്നെ എന്തുകൊണ്ടാണ് പൂർണ്ണമായും മലയോര പ്രദേശമായ മട്ടന്നൂരിനെ ഒഴിവാക്കിയതെന്ന് മനസ്സിലാകുന്നില്ല. കോളയാട്, ചിറ്റാരിപ്പറമ്പ്, മാലൂർ, മാങ്ങാട്ടിടം, പടിയൂർ, കല്ല്യാട്, തില്ലങ്കേരി, കൂടാളി, കീഴല്ലൂർ തുടങ്ങിയവ വയനാട് ചുരത്തിനോടും കർണ്ണാടക ഫോറസ്റ്റിനോടും ചേർന്നു കിടക്കുന്ന സ്ഥലങ്ങളാണ്. കണ്ണവം ഫോറസ്റ്റ് ഇതിൽപ്പെടുന്നതാണ്. കണ്ണൂർ ജില്ലയിലെ പ്രമുഖമായ ഈ മലയോര മണ്ഡലത്തെ എങ്ങനെയാണ് ഇങ്ങനെയൊരു പദ്ധതി വരുമ്പോൾ ഒഴിവാക്കാൻ കഴിയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ മണ്ഡലത്തെ മലയോര വികസന അതോറിറ്റിയിൽപ്പെടുത്തി പരിഗണിച്ചുകൊണ്ട് ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, മലയോര വികസന ഏജൻസി യാഥാർത്ഥ്യമായി മുമ്പോട്ടുപോകുന്ന ആദ്യവർഷമാണിത്. ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവ് പ്രയാസമായി വന്നിട്ടുണ്ട്. നബാർഡ്, എ.ഡി.ബി., ലോകബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും മലയോര വികസനത്തിനുവേണ്ടി ഫണ്ട് വാങ്ങാനുള്ള പദ്ധതികളുണ്ടാക്കി മുമ്പോട്ടുപോകാൻ ഇപ്പോൾ നടപടി സ്വീകരിച്ചുവരികയാണ്. ഫണ്ടിന്റെ ലഭ്യതക്കുറവുകൊണ്ട് 800 മീറ്റർ സമുദ്രനിരപ്പിൽ നിന്നും ഉയരമുള്ള പ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്താനാണ് നേരത്തേ തീരുമാനിച്ചത്. അങ്ങനെ ഒന്നാംഘട്ടമായി 146 പഞ്ചായത്തുകൾ ഉൾപ്പെടുത്തി. പിന്നീട് പല എം.എൽ.എ. മാരുടെയും നിവേദനം ലഭിച്ച സാഹചര്യത്തിൽ കുറഞ്ഞത് 25 ശതമാനം പ്രദേശങ്ങളെങ്കിലും 600 മീറ്റർ കോണ്ടൂരിനുമുകളിലുള്ള ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മലയോര മേഖലയായി കണക്കാക്കി ഹാഡയുടെ പരിധിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട്, ചിറ്റാരിപ്പറമ്പ്, മാലൂർ, മാങ്ങാട്ടിടം, പടിയൂർ, കല്ല്യാട്, തില്ലങ്കേരി, കൂടാളി, കീഴല്ലൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(13) <u>പ്രതിമയും സ്മാരകവും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രം കേരളത്തിന്റെ സാമൂഹ്യ നവോത്ഥാന പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ്. 1931 മെയ് 4,5 തീയതികളിൽ വടകരയിൽ ജെ. എം. സെൻ ഗുപ്തയുടെ നേതൃത്വത്തിൽ നടന്ന കെ.പി.സി.സി. യുടെ വടകര സമ്മേളനം അയിത്തോച്ചാടനത്തിനുവേണ്ടിയുള്ള പ്രക്ഷോഭം നടത്താൻ തീരുമാനിക്കുകയുണ്ടായി. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 1931 –ൽ ഗുരുവായൂർ സത്യാഗ്രഹം സംഘടിപ്പിച്ചത്. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം ആവശ്യപ്പെട്ടുകൊണ്ട് നടന്ന ഗുരുവായൂർ സത്യാഗ്രഹം കെ. കേളപ്പജിയുടെ നേതൃത്വത്തിലായിരുന്നു. എ.കെ.ജി., പി. കൃഷ്ണപിള്ള തുടങ്ങിയ നേതാക്കന്മാർ സജീവ കോൺഗ്രസ്സ് പ്രവർത്തകരായി ഗുരുവായൂർ സത്യാഗ്രഹത്തിൽ അന്ന് പങ്കെടുക്കുകയുണ്ടായി. പി. കൃഷ്ണപിള്ളയ്ക്ക് ആ സത്യാഗ്രഹത്തിൽ മർദ്ദനമേൽക്കുകയുണ്ടായി. 1936 നവംബർ 12–ന് ക്ഷേത്രപ്രവേശന വിളംബരത്തിലേയ്ക്കുപോലും നയിച്ചത് ഗുരുവായൂർ സത്യാഗ്രഹത്തിന്റെ അലയൊലികളായിരുന്നു. കെ. കേളപ്പജിക്ക് ഒരു സ്മാരകം ഗുരുവായൂരില്ല. കേരളത്തിന്റെ നവോത്ഥാനത്തിൽ വലിയൊരു പാരമ്പര്യത്തിന്റെ ഓർമ്മയാണ് ഗുരുവായൂർ സത്യാഗ്രഹം അവശേഷിപ്പിക്കുന്നത്. അതുകൊണ്ട് കേളപ്പജിക്ക് ഒരു സ്മാരകം ഗുരുവായൂരിൽ വേണം. അദ്ദേഹത്തിന്റെ പ്രതിമ ഗുരുവായൂരിൽ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കേരള ഗാന്ധിയെന്ന് നാം

ആദരിക്കുന്ന കെ. കേളപ്പജിക്ക് ഉചിതമായ സ്മാരകം ഗുരുവായൂരില്ലായെന്നുള്ളത് വലിയ പോരായ്മ തന്നെയാണ്. പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹിക പരിഷ്കർത്താവുമായിരുന്ന കെ. കേളപ്പജി അധ:കൃത വർഗ്ഗക്കാർക്ക് ക്ഷേത്രപ്രവേശനവും ആരാധനയും അനുവദിച്ചുകിട്ടാൻ വേണ്ടി നടത്തിയ ഗുരുവായൂർ സത്യാഗ്രഹം ദേശീയ ശ്രദ്ധയാകർഷിച്ച ചരിത്രസംഭവമാണ്. കേരളത്തിലെ സമകാലീന ചരിത്രത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയ ഒന്നായിരുന്നു ഗുരുവായൂർ സത്യാഗ്രഹം. അതിന് നേതൃത്വം കൊടുത്ത കെ. കേളപ്പജിക്ക് ഒരു സ്മാരകം ഉണ്ടായിട്ടില്ല. ഗുരുവായൂരിൽ ആവശ്യമായ സ്ഥലം ഗവൺമെന്റ് അന്വേഷിക്കുന്നുണ്ട്; ലഭ്യമാവുകയാണെങ്കിൽ തീർച്ചയായും കേളപ്പജിയുടെ സ്മാരകവും പ്രതിമയും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: റൂൾ 50–ൽ വന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സബ്മിഷൻ തന്നിരുന്നു അദ്ദേഹത്തിന്റേത് ലിസ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷെ അതിനോടൊപ്പംതന്നെ ശ്രീ. എ. എം. ആരിഫ്, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. റ്റി. എൻ. പ്രതാപൻ, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങളും ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിരുന്നു. അടിയന്തരപ്രമേയ ചർച്ച വന്നതുകൊണ്ട് ഈ സബ്മിഷൻ അവതരിപ്പിക്കേണ്ടതില്ല.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)